## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **209** — **18/03/2013** ൽ മറുപടിക്ക്

**സിനിമാശാലകളിൽ കലാമൂല്യമുള്ള സിനിമകളുടെ പ്രദർശനം**

ചോദ്യം — ഉത്തരം

ശ്രീ. പി. തിലോത്തമൻ

ശ്രീ. കെ.ബി. ഗണേഷ് കുമാർ
( ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിക്കപ്പെടുകയും, നല്ല നിലവാരവും കലാമൂല്യവുമുള്ളതും വിവിധ മേഖലകളിൽ നിന്നും അംഗീകാരങ്ങൾ നേടുകയും ചെയ്യുന്ന പുതിയതും പഴയതുമായ ചലച്ചിത്രങ്ങൾ കേരളത്തിലെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപറേഷന്റെ കീഴിലുള്ള വിവിധ തീയറ്ററുകളിൽ മേൽ പറഞ്ഞ തരത്തിലുള്ള ലോക സിനിമകൾ മുൻകൂട്ടി പരസ്യപ്പെടുത്തിയ തീയതികളിൽ ടിക്കറ്റുകൾ മുൻകൂട്ടി വിറ്റഴിച്ച് പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഫിലിം ഫെസ്റ്റുവലുകളിലല്ലാതെ കേരളത്തിൽ സിനിമാ തീയേറ്ററുകളിൽ പ്രദർശിക്കപ്പെട്ട ലോക | (സി) | ഒട്ടേറെ ചിത്രങ്ങൾ ഈ ഗണത്തിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ വിശദ വിവരങ്ങൾ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല. ലോകനിലവാരമുള്ള സിനിമകൾ |

| | | | |
|---|---|---|---|
| | നിലവാരമുള്ളതും കലാമൂല്യമുള്ളതുമായ ചിത്രങ്ങൾ എത്രയാണെന്ന് പറയാമോ; പ്രേക്ഷകന്റെ ആസ്വാദന നിലവാരത്തെയും യുക്തിയേയും ചോദ്യം ചെയ്യാത്ത സിനിമകളെ പരിപോഷിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | | ചലച്ചിത്ര അക്കാദമിയുടെ ആർക്കീവ്സിൽ ലഭ്യമാണ്. സിനിമാ ആസ്വാദകർക്ക് ഇവ കാണുന്നതിനുള്ള സൗകര്യവും ചലച്ചിത്ര അക്കാഡമിയിൽ ഉണ്ട്. നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന ചലച്ചിത്ര പുരസ്കാരം നൽകിവരുന്നു. മികച്ച സിനിമകൾ ഉൾപ്പെടുത്തി ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നു. വിദേശ മേളകളിലേയ്ക്ക് സബ്ടൈറ്റിൽ ചെയ്ത് ചിത്രങ്ങൾ അയച്ചുവരുന്നു. മികച്ച നിലവാരത്തിലുള്ള ചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ ചിത്രാഞ്ജലി സ്റ്റുഡിയോയിലും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ